**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4880 — 27.10.2016 -ലെ മറുപടിയ്ക്ക്

**സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും ബിരുദവും, ബിരുദാനന്തര ബിരുദവുമടക്കമുള്ള പരീക്ഷകൾ പാസ്സായ വിദ്യാർത്ഥികൾക്ക് ഒറിജനൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | **എ.പി.ജെ. അബ്ദുൾ കലാം ടെക്കിനിക്കൽ യൂണിവേഴ്സിറ്റി** - 2015-16 ൽ ഒറിജിനൽ സർട്ടിഫിക്കറ്റ് വിതരണം നടത്താറായിട്ടില്ല.<br><br>**നുവാൽസ്** - കാലതാമസം ഉണ്ടാകാറില്ല.<br><br>**തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല** – പരീക്ഷ ഫലം പ്രസിദ്ധീകരിച്ച ഉടൻ കൺവക്കേഷൻ നടത്തി ഒറിജിനൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നുണ്ട്.<br><br>**കേരള സർവ്വകലാശാല** - സെനറ്റ് അംഗീകാരം നേടിയ ശേഷം സമയ ബന്ധിതമായി സർട്ടിഫിക്കറ്റുകളുടെ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**എം.ജി. സർവ്വകലാശാല** - കമ്പ്യൂട്ടർ വൽക്കരണ നടപടികൾ പൂർത്തിയാക്കി സമയ ബന്ധിതമായി സർട്ടിഫിക്കറ്റുകളുടെ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**കാലിക്കറ്റ് സർവ്വകലാശാല** - ഒറിജിനൽ സർട്ടിഫിക്കറ്റ് വിതരണം വേഗത്തിലാക്കാൻ സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഫാസ്റ്റ് ട്രാക്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ യൂണിവേഴ്സിറ്റികളിൽ നിന്നും ഒറിജനൽ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | **കണ്ണൂർ സർവ്വകലാശാല**<br>ജീവനക്കാരുടെ കുറവ്മൂലമാണ് സർട്ടിഫിക്കറ്റ് വിതരണത്തിന് കാലതാമസം വരുന്നതെന്ന് കണ്ണൂർ സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ വൽക്കരണ നടപടികളിലൂടെയും ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തിയും ഒറിജിനൽ സർട്ടിഫിക്കറ്റ് വിതരണം വേഗത്തിലാക്കാൻ കണ്ണൂർ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**